# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3322 — 19.10.2016-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളെ ക്കുറിച്ച് വിശദമാക്കുമോ? | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടുകൂടി 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. ടി സ്കൂളുകളിൽ 2 സ്കൂളുകൾ സി.ബി.എസ്.ഇ. സിലബസിൽ പ്രവർത്തിക്കുന്നവയാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും താമസം, ഭക്ഷണം തുടങ്ങി എല്ലാ വിദ്യാഭ്യാസ ചെലവുകളും സൗജന്യമായിരിക്കും.

2. വി.ടി.സി., ഐ.ടി.സി.

എൻ.സി.വി.ടി. അംഗീകാരമുള്ള വൊക്കേഷണൽ കോഴ്സുകൾ നടത്തുന്ന ഓരോ ഐ .ടി.ഐ. കൾ വീതം തിരുവനന്തപുരത്ത് കുട്ടമലയിലും ഇടുക്കിയിൽ നാട്ടുകാണിയിലും പ്രവർത്തിച്ചു വരുന്നു. സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നിവയിൽ പരിശീലനം നൽകുന്ന 14 മാതൃക പരിശീലന സ്ഥാപനങ്ങൾ വകുപ്പിൻറെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

3. അയ്യങ്കാളി മെമ്മോറിയൽ ടാലൻറ് സെർച്ച് & ഡെവലപ്മെൻറ് സ്കീം

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ തുടർപഠനത്തിന് പ്രോത്സാഹനവും ധനസഹായവും അനുവദിക്കുന്ന പദ്ധതിയാണിത്. ഓരോ വർഷവും 200 വിദ്യാർത്ഥികളെ ടി പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നു.

4. ട്യൂട്ടോറിയൽ ഗ്രാൻറ്

എട്ട്, ഒൻപത്, പത്ത്, പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ട്യൂഷൻ സ്ഥാപനങ്ങളിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിലേക്കായി പ്രതിമാസ ഫീസ് രക്ഷകർത്താക്കൾക്ക് നേരിട്ട് നൽകുന്ന പദ്ധതിയാണിത്. കൂടാതെ എസ്.എസ്.എൽ.സി., പ്ലസ് ടു പരാജിതരായവർക്ക് പ്രത്യേക പരിശീലനം നൽകി വീണ്ടും പരീക്ഷ എഴുതുവാനുള്ള സൗകര്യം ഒരുക്കുന്നതിനും ടി പദ്ധതി വിഭാവനം ചെയ്യുന്നു.

വർഷാവസാന പരീക്ഷയ്ക്കു മുൻപായി എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ കോച്ചിംഗ് നൽകി പരീക്ഷയ്ക്ക് സജ്ജരാക്കുന്നതും ടി പദ്ധതിയുടെ ലക്ഷ്യമാണ്.

5. <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>

അക്കാദമിക്, കലാകായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ടി പദ്ധതി മുഖേന പ്രോത്സാഹനം ഉറപ്പ് വരുത്തുന്നു.

6. <u>മികച്ച വിദ്യാഭ്യാസം</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മികച്ച അദ്ധ്യയന നിലവാരമുള്ള ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ സ്കൂളുകളിൽ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, പഠന ചെലവുകൾ എന്നിവ പ്രദാനം ചെയ്യുന്ന പദ്ധതിയാണിത്.

7. <u>ലാപ് ടോപ്പ് വിതരണം</u>

മെഡിക്കൽ /എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

8. <u>ഗോത്രസാരഥി</u>

14 വയസ്സുവരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ദുർഘടമായ വനപ്രദേശത്തോ മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശത്തോ വാഹന സൗകര്യമില്ലാതെ സ്കൂളിലെത്താൻ പ്രയാസമായ സാഹചര്യങ്ങളിൽ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ, പി.ടി.ഐ. അദ്ധ്യാപകരുടെ സഹകരണത്തോടെ വാഹന സൗകര്യം നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

9. <u>മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം</u>

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസിന് മികച്ച വിജയം നേടുന്നതിനായി എൻട്രൻസ് ക്രാഷ് കോഴ്സ്, റിപ്പീറ്റിംഗ് കോഴ്സ് തുടങ്ങിയവ സംഘടിപ്പിക്കുന്നു.

10. <u>പോസ്റ്റ് മെട്രിക് കോഴ്സുകൾ</u>

പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ജി.ഒ.(എം.എസ്) 50/2009/പജപവവിവ പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യവും നൽകി വരുന്നു.

80